# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ല - ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിലെ കരിങ്കയം പാലം നിർമ്മാണം എന്ന പ്രവൃത്തിയ്ക്ക് എം.എൽ.എയുടെ പ്രാദേശിക വികസനനിധി മറ്റ് ഫണ്ടുകളോടൊപ്പം സംയോജിപ്പിച്ച് നിർവ്വഹണം നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്**

**സ.ഉ.(സാധാ)നം.1469/2014/തസ്വഭവ          തിരുവനന്തപുരം, തീയതി : 10.06.2014.**

---

പരാമർശം:- (1) 19.09.2009-ലെ സ.ഉ(സാധാ) നം.3338/2009/ഡി.എം.ഡി

(2) കണ്ണൂർ ജില്ലാകളക്ടറുടെ 12.04.2012-ലെ 2011/57920/13/ഇ-10 നമ്പർ കത്ത്

(3) ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 09.10.2013-ലെ എ2-1846/2013 നമ്പർ കത്ത്

(4) 18.12.2013-ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയോഗത്തിന്റെ **3.6** നമ്പർ തീരുമാനം.

## ഉത്തരവ്

പരാമർശം (3) പ്രകാരം, ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിലെ കരിങ്കയം പാലം നിർമ്മാണ പ്രവൃത്തിയ്ക്ക് പ്രകൃതി ദുരന്ത നിവാരണ ഫണ്ട്, വികസന ഫണ്ട്, എം.എൽ.എ ഫണ്ട്, തനത് ഫണ്ട് എന്നിവ സംയോജിപ്പിച്ച് നിർവ്വഹണം നടത്തുന്നതിന് അനുമതി നൽകണമെന്ന് അപേക്ഷിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, എം.എൽ.എമാരുടെ പ്രത്യേക വികസന ഫണ്ട് മറ്റ് ഫണ്ടുകളോടൊപ്പം സംയോജിപ്പിച്ച് പ്രവൃത്തി നിർവ്വഹണത്തിനായി വിനിയോഗിക്കുന്നത് ചട്ടപ്രകാരം അനുവദനീയമല്ലെങ്കിലും പ്രാദേശികമായി വളരെ ആവശ്യമായതിനാൽ കണ്ണൂർ ജില്ലയിലെ 'ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിലുൾപ്പെട്ട കരിങ്കയം പാലം നിർമ്മാണം' എന്ന പ്രവൃത്തിയ്ക്ക് തളിപ്പറമ്പ് നിയോജകമണ്ഡലം എം.എൽ.എയുടെ പ്രാദേശിക വികസനനിധിയിൽ നിന്നും നിലവിലുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി **11 ലക്ഷം രൂപ** വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**സി.വത്സല**
**ഗവ. ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
ജില്ലാ കളക്ടർ, കണ്ണൂർ
സെക്രട്ടറി/പ്രസിഡന്റ്, ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത്, കണ്ണൂർ
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, ട്രഷറി, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.
ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പ് (vide U.O.15960 /NCB1/2014/Fin dated 09.05.2014)

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ